**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3182** | **19.06.2018-ൽ മറുപടിയ്ക്ക്** |
|---|---|

**പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം നിർത്തലാക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| സംസ്ഥാനത്താകമാനം പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി എന്തെല്ലാം നടപടിക്രമങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്താകമാനം പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് സമ്പൂർണ്ണ നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കാത്ത സാഹചര്യത്തിലും അൻപത് മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് മാത്രമാണ് പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം 2016 പ്രകാരം നിരോധനം ബാധകമായിട്ടുള്ളത് എന്നതിനാലും 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ സാധനങ്ങൾ വിതരണം ചെയ്യാവൂ എന്നും വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം എന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുളള 24.09.2016 തീയതിയിലെ 576/ഡി.സി.1/2016/തസ്വഭവ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഒരു മാസം കുറഞ്ഞത് 4000/- (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48000/- (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് എന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി വ്യാപാരികളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് എന്നും പ്രസ്തുത സർക്കുലറിൽ നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിച്ചു വരുന്നു.പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി ശക്തമായ വിവരവിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ (ഗ്രീൻ പ്രോട്ടോക്കോൾ), ശുചിത്വമിഷൻ, ഹരിതകേരളമിഷൻ എന്നിവ മുഖേന സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ